കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസിന്റെ പ്രവർത്തനം

90 [2707] ശ്രീ. എം. മുരളി:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീമതി മാധാരാഘവൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത്;

(ബി) പ്രതിവർഷം എത്ര പേർക്ക് ഇവിടെ അഡ്മിഷൻ നൽകുന്നു;

(സി) എന്തെല്ലാം വിഷയങ്ങളാണ് ഇവിടെ പഠിപ്പിക്കുന്നത്;

(ഡി) പ്രസ്തുത സ്ഥാപനത്തെ ഒരു കോളേജായി ഉയർത്തുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ടൂറിസവുമായി ബന്ധപ്പെട്ട ഹ്രസ്വകാല, ദീർഘകാല കോഴ്സുകൾ നടത്തുന്നു.

2. ടൂറിസം വകുപ്പിനുവേണ്ടി ടൂറിസം വികസനത്തിന് സഹായിക്കുന്ന പരിശീലന പരിപാടി തയ്യാറാക്കി നടത്തുന്നു.

3. ടൂറിസവുമായി ബന്ധപ്പെട്ട പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

4. ടൂറിസേതര വകുപ്പുകൾക്കും ഏജൻസികൾക്കും വേണ്ടി പരിശീലന പരിപാടി തയ്യാറാക്കി നടത്തുന്നു.

5. മലയാറ്റൂരിൽ പ്രവർത്തിക്കുന്ന കിംസിൽ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ നടത്തുന്നു.

(ബി) പ്രതിവർഷം 300 ഓളം പേർക്ക് അഡ്മിഷൻ നൽകുന്നുണ്ട്.

(സി) 1. പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ബിസിനസ് അഡ്മിനിസ്ട്രേഷൻ -ട്രാവൽ ആന്റ് ടൂറിസം (ദ്വിവത്സരകോഴ്സ്)

2. കേംബ്രിഡ്ജ് ഇന്റർ നാഷണൽ ഡിപ്ലോമ ഇൻ ട്രാവൽ ആന്റ് ടൂറിസം (6 മാസത്തെ കോഴ്സ്)

LIBRARY ARCHIVES Kerala Legislative Assembly

3. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ എയർ ഫെയർ ടിക്കറ്റിംഗ് ആന്റ് ട്രാവൽ ഏജൻസി മാനേജ്മെന്റ് (6 മാസത്തെ കോഴ്സ്)

4. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് (4 മാസത്തെ കോഴ്സ്)

5. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഫോർ മാസിയേഴ്സ് (റിജുവിനേഷൻ തെറാപ്പി) (6 മാസത്തെ കോഴ്സ്)

6. ഫുഡ് ആന്റ് ബിവറേജ് സർവീസസ് (1 വർഷത്തെ കോഴ്സ്)

7. ഹൗസ് കീപ്പിംഗ് ആന്റ് ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് (1 വർഷത്തെ കോഴ്സ്)

(ഡി) ഈ സ്ഥാപനത്തെ ദേശീയ നിലവാരത്തിലുള്ള സ്ഥാപനമാക്കി ഉയർത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വിനോദസഞ്ചാര വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രമോഷൻ നൽകാൻ നടപടി

91 [2708] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ യോഗ്യതയുള്ളവരെ റൂം അറ്റൻഡന്റ്, വെയിറ്റർ, ബട്ലർ തസ്തികകളിൽ പ്രമോഷൻ നൽകി നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രമോഷൻ നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ടൂറിസം വകുപ്പിലെ വെയിറ്റർ, റൂംബോയ്, ബംഗ്ലാവ്മേട്ടി, ലാസ്കർ, മസാൽച്ചി, പ്യൂൺ, വാച്ചർ തുടങ്ങിയ തസ്തികകൾ കേരള ലാസ്റ്റ്ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ കാറ്റഗറി II-ൽപ്പെടുന്നവയാണ്. നിയമപ്രകാരം ഈ തസ്തികകളിലേക്കെല്ലാം നേരിട്ടു നിയമനമാണ് നടത്തേണ്ടത്. 1985 വരെ അപ്രകാരമാണ് നടത്തിവന്നിരുന്നത്. എന്നാൽ 1985 മുതൽ, ശമ്പളകമ്മീഷൻ റിപ്പോർട്ട്പ്രകാരം,

LIBRARY ARCHIVES Kerala Legislative Assembly